**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1439** **08-12-2022 - ൽ മറുപടിയ്ക്ക്**

**ലഹരി വർജ്ജന ക്യാമ്പയിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സനീഷ്‍കുമാർ ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്യാമ്പയിൻ നടത്തി വിദ്യാർത്ഥികൾക്ക് ലഹരി വിമുക്ത ക്യാമ്പസ് എന്ന ലക്ഷ്യത്തിനായി എന്തെല്ലാം നടപടികളാണ് യുവജനക്ഷേമ വകുപ്പ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ലഹരി മുക്ത കേരളം എന്ന മുദ്രാവാക്യമുയർത്തി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ പ്രചാരണ പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ നീണ്ടുനിൽക്കുന്ന വിവിധങ്ങളായ ക്യാമ്പയിനുകൾക്ക് രൂപം നൽകി. ലഹരി വിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ട്രാൻസ്ജൻഡേഴ്സ് വിഭാഗങ്ങളിലുള്ളവരുടെ ക്യാമ്പയിൻ, ടെക്നോപാർക്ക്, ഇൻഫോ പാർക്ക് എന്നിവിടങ്ങളിലെ ഐ.റ്റി പ്രൊഫഷണലുകളുടെ ക്യാമ്പയിൻ, കലാജാഥ എന്നിവയും സംഘടിപ്പിച്ചു വരുന്നു. കൂടാതെ ലഹരി വിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ട് സംസ്ഥാനത്തെ എല്ലാ ജില്ലകളും കേന്ദ്രീകരിച്ച് ഒരു കലാജാഥ സംഘടിപ്പിക്കുന്നു. ജില്ലയിലെ ഒരു നിയമസഭാ മണ്ഡലത്തിൽ സ്കൂളുകൾ, കോളേജുകൾ, പൊതു ഇടങ്ങൾ എന്നിവ കേന്ദ്രീകരിച്ചും പര്യടനം നടത്തുന്ന കലാജാഥയിൽ തെരുവ് നാടകം, സംഘഗാനം, സംഗീത ശിൽപം, ഓട്ടൻതുള്ളൽ, ചാക്യാർകൂത്ത്, ഫ്ലാഷ് മോബ് എന്നിവ സംഘടിപ്പിക്കുന്നു. ഇവ കൂടാതെ യുവാക്കളെയും സ്കൂൾ കുട്ടികളെയും അണിനിരത്തി മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ഒരു ലഘു ചിത്ര നിർമ്മാണവും യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്നു.<br><br>യുവജനങ്ങളെ അണിനിരത്തി കേരള സംസ്ഥാന യുവജന കമ്മീഷൻ കോളനികളിൽ സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം ദേശീയ അവാർഡ് ജേതാവും |

| | | | |
|---|---|---|---|
| | | | ഗായികയുമായ ശ്രീമതി.നഞ്ചിയമ്മ പാലക്കാട് അട്ടപ്പാടിയിൽ നിർവ്വഹിച്ചു. ലഹരി വിരുദ്ധ ക്യാമ്പയിനുമായി ബന്ധപ്പെട്ട് കോളേജുകൾ, കോളനികൾ, യുവജന കൂട്ടായ്മകൾ എന്നിവിടങ്ങളിൽ യുവജന കമ്മീഷൻ ബോധവത്കരണ പ്രവർത്തനങ്ങളും നാടിന്റെ യുവതയെ കാർഷിക-കലാ-സാംസ്കാരിക മേഖലകളിലേയ്ക്ക് ആകർഷിക്കുന്ന തരത്തിലേയ്ക്ക് **"ലഹരിക്കെതിരെ നാട്ടുയരുന്നു"** എന്ന പേരിൽ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. യുവജന കമ്മീഷന്റെ പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിലേയും തെരഞ്ഞെടുക്കപ്പെട്ട 3 കോളേജുകളിൽ ലഹരിക്കെതിരെയുള്ള ക്യാമ്പെയിനുകൾ സംഘടിപ്പിക്കുന്നു. കോളേജുകളിലെ ലഹരി വിരുദ്ധ ക്യാമ്പെയിന്റെ സംസ്ഥാനതല ഉദ്ഘാടനം യുവജനകാര്യ വകുപ്പ് മന്ത്രി 25.10.2022 -ന് കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിൽ വച്ച് നിർവ്വഹിച്ചു. ലഹരിക്കെതിരെ കേരള സർക്കാർ പ്രഖ്യാപിച്ച രണ്ട് കോടി ഗോൾ ക്യാമ്പയിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കേരള സംസ്ഥാന യുവജന കമ്മീഷൻ **'ലഹരിയാവാം കളിയിടങ്ങളോട് ഗോൾ ചലഞ്ച്'** സംഘടിപ്പിച്ചു.<br><br>കായിക യുവജനകാര്യാലയത്തിന്റെ അധീനതയിലുള്ള കണ്ണൂർ ജി.എച്ച്.എസ്.എസ് (സ്പോർട്സ്) സ്കൂളിൽ 2022 അക്കാദമിക വർഷം ആരംഭിച്ചപ്പോൾ തന്നെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. ലഹരി വിരുദ്ധ ദിനമായ ജൂൺ 26 -ന് ലഹരി വിരുദ്ധ പോസ്റ്റർ രചനാ മത്സരം നടത്തിയാണ് കാര്യാലയം ഈ വർഷത്തെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. സ്കൂളിലെ മുഴുവൻ കുട്ടികളെയും അണിനിരത്തി ജൂൺ 28 -ന് ലഹരി വിരുദ്ധ റാലിയും ആഗസ്റ്റ് 22 -ന് കുട്ടികൾക്ക് ലഹരി വിരുദ്ധ ക്ലാസ്സും നടത്തി. സെപ്തംബർ 14 -ന് ലഹരി വിരുദ്ധ ക്ലബ്ബ് രൂപീകരിക്കുകയും ഒക്ടോബർ 6-ന് സംസ്ഥാന വ്യാപകമായി നടന്ന ലഹരി വിരുദ്ധ ക്യാമ്പയിനിൽ ടി സ്കൂൾ പങ്കാളിയാകുകയും ചെയ്തു. കുട്ടികളുടെ ഫ്ലാഷ് മോബും സ്പോർട്സ് ഹോസ്റ്റലിൽ ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിക്കുകയും കുട്ടികൾ ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുകയും ചെയ്തു. ജി.വി രാജ സ്പോർട്സ് സ്കൂളിൽ ലഹരി വിരുദ്ധ റാലി സംഘടിപ്പിക്കുകയും ലഹരി വിരുദ്ധ ചങ്ങല രൂപീകരിക്കുകയും ലഹരി വിരുദ്ധ പ്രതിജ്ഞയെടുക്കുകയുമുണ്ടായി. |

| | | | |
|---|---|---|---|
| (ബി) | കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിന് മാതാപിതാക്കളുടെ ബോധവത്ക്കരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | കായിക യുവജനകാര്യ കാര്യാലയത്തിന്റെ അധീനതയിലുള്ള കണ്ണൂർ ജി.എച്ച്.എസ്.എസ് (സ്പോർട്സ്) സ്കൂളിൽ ഒക്ടോബർ 7 -ന് രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടന്നു. 18 വയസ്സിനും 40 വയസ്സിനും ഇടയിലുള്ളവരെ ലക്ഷ്യംവച്ച് യുവജന കമ്മീഷൻ നടത്തുന്ന ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികളിൽ മാതാപിതാക്കളും ഉൾപ്പെടുന്നുണ്ട്. നിലവിൽ 14 ജില്ലകളിലേയും വിവിധ കോളനികളിൽ ബോധവത്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. |
| (സി) | ആഘോഷങ്ങളിലും ഉത്സവങ്ങളിലും യുവാക്കളുടെ ലഹരി ഉപയോഗം തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് അറിയിക്കുമോ? | (സി) | യുവാക്കളുടെ ലഹരി ഉപയോഗം തടയാൻ പൊതുവായ ബോധവത്കരണ പരിപാടികൾ യുവജനകാര്യ വകുപ്പ് നടത്തിവരുന്നുണ്ട്. ആഘോഷങ്ങളിലും, ഉത്സവങ്ങളിലും യുവാക്കളുടെ ലഹരി ഉപയോഗം തടയാൻ എക്സൈസ് വകുപ്പ് വിവിധ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഓണം, ക്രിസ്തുമസ്, പുതുവത്സര വേളകളിൽ യുവാക്കളുടെ ലഹരി ഉപയോഗം, ലഹരിയുടെ കടത്ത്, വിപണനം എന്നിവ തടയുന്നതിനായി എക്സൈസ് വകുപ്പ് സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് നടത്തി വരുന്നു. യുവാക്കൾ കൂട്ടതലായി ഒന്നിച്ചു കൂടുന്ന സ്ഥലങ്ങളായ വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ടർഫുകൾ, ഷോപ്പിംഗ് മാളുകൾ, ഡി.ജെ പാർട്ടികൾ, സിനിമാ നിർമ്മാണ സെറ്റുകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ബസ് സ്റ്റാന്റുകൾ, റെയിൽവെ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണവും പരിശോധനകളും നടത്തുന്നുണ്ട്. കൂടാതെ അന്യസംസ്ഥാന ബസ്സുകൾ, ട്രെയിനുകൾ എന്നിവ പരിശോധിച്ചു വരുന്നു. പ്രത്യേക ആഘോഷങ്ങൾ നടക്കുന്ന ആഡിറ്റോറിയങ്ങൾ പോലെയുള്ള കേന്ദ്രങ്ങളിലും യുവാക്കൾ ഒത്തുചേരുന്ന മറ്റ് സ്ഥലങ്ങളിലും രഹസ്യ നിരീക്ഷണവും പരിശോധനകളും നടത്താറുണ്ട്. കൂടാതെ, സ്കൂൾ, കോളേജ്, ഹോസ്റ്റൽ പരിസരങ്ങളിൽ പ്രത്യേക പരിശോധനയും നടത്തുന്നു. |

സെക്ഷൻ ഓഫീസർ